**A** **GI 102**

# സമഗ്ര ശിക്ഷാ, കേരളം
## വാർഷിക മൂല്യനിർണ്ണയം 2024-2025
## ഉദ്ഗ്രഥനം - രണ്ടാം ദിവസം

ക്ലാസ് : 1

---

### *അധ്യാപകർക്കുള്ള നിർദേശങ്ങൾ*

- മൂന്ന് ദിവസങ്ങളിലേക്കായി 13 പ്രവർത്തനങ്ങളാണ് തയാറാക്കിയിരിക്കുന്നത്.
- ഓരോ പ്രവർത്തനവും വിലയിരുത്തി നിലവാര സൂചിക (a, b, c, d, e) രേഖപ്പെടുത്തണം.
- ഓരോ പ്രവർത്തനത്തിനും ലഭിച്ച നിലവാര സൂചിക പരിഗണിച്ച് ശതമാനപ്പട്ടിക ഉപയോഗപ്പെടുത്തി വിഷയങ്ങൾക്കുള്ള ഓവറോൾ ഗ്രേഡ് (A, B, C, D, E) നൽകണം.
- ക്രയോണുകൾ എല്ലാ ദിവസവും കൊണ്ടുവരാൻ നിർദേശിക്കണം.
- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമായി നൽകേണ്ടതാണ്.

---

**പ്രവർത്തനം 6 - കൂട്ടങ്ങളാക്കാം**

*പഠനലക്ഷ്യം : രണ്ടക്കസംഖ്യകളെ (20 വരെ) വ്യത്യസ്ത രീതിയിൽ കൂട്ടങ്ങളാക്കാൻ കഴിയും*

**ആഖ്യാനം :**

ഋതികയുടെ സ്കൂളിൽ വാർഷികാഘോഷത്തിനുള്ള ഒരുക്കങ്ങൾ നടക്കുകയാണ്. അലങ്കരിക്കാനായി പൂക്കളും വർണക്കടലാസുകളും ബലൂണുകളും കൊണ്ടുവച്ചിട്ടുണ്ട്. "ഋതികാ, ഈ പൂക്കൾ എണ്ണിനോക്കൂ". ടീച്ചർ പറഞ്ഞു. ഋതിക പൂക്കൾ എണ്ണി. "20 എണ്ണമുണ്ട് ടീച്ചർ". "ഇത് രണ്ട് സ്ഥലങ്ങളിലായി അലങ്കരിക്കാനുള്ളതാണ്. രണ്ട് കൂട്ടങ്ങളാക്കി വയ്ക്കൂ. ടീച്ചർ പറഞ്ഞു. "റിബണുകളും ബലൂണുകളും രണ്ടു കൂട്ടങ്ങളാക്കി വയ്ക്കണം". ടീച്ചർ മിനിക്കുട്ടിയോടും രാജിയോടും പറഞ്ഞു. "പിന്നെയൊരു കാര്യം മൂന്നുപേരും വ്യത്യസ്തരീതിയിലാണ് കൂട്ടങ്ങളാക്കി വയ്ക്കേണ്ടത്". എങ്ങനെയൊക്കെ കൂട്ടങ്ങളാക്കി വെയ്ക്കാം? വർക്ക് ഷീറ്റ് 6 അവതരണം. (കൂട്ടങ്ങളുടെ എണ്ണം 3 ചിത്രങ്ങളിലെയും വൃത്തത്തിനുള്ളിൽ എഴുതാൻ നിർദേശിക്കണം)

**വിലയിരുത്തൽ സൂചകങ്ങൾ**

- 20-ന്റെ 3 വ്യത്യസ്ത കൂട്ടങ്ങൾ എഴുതിയാൽ — 3/2/1 പോയിന്റ്
- 18 ന്റെ പകുതി കണ്ടെത്തി എഴുതിയാൽ — 2 പോയിന്റ്

***പ്രവർത്തനം 7 - എന്തെല്ലാം പറഞ്ഞിരിക്കാം?***

*പഠനലക്ഷ്യം :*
- *കഥാ സന്ദർഭങ്ങൾ, ചിത്രസൂചനകൾ, സംഭവങ്ങൾ എന്നിവ അടിസ്ഥാനമാക്കി സംഭാഷണരചന നടത്തുന്നു.*
- *ലളിതവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നു*

**ആഖ്യാനം :**

അലങ്കാരങ്ങൾ പൂർത്തിയായി. ഋതികയും മിനിക്കുട്ടിയും അലങ്കാരങ്ങൾ നോക്കിക്കൊണ്ട് പറഞ്ഞു. "ഹായ്, എന്തുഭംഗിയാ ഇപ്പോൾ നമ്മുടെ സ്കൂൾ കാണാൻ".

ഋതികയുടെ ഏറ്റവുമടുത്ത കൂട്ടുകാരിയാണ് മിനിക്കുട്ടി. കണ്ണാടിപ്പുഴയുടെ കരയിലാണ് മിനിക്കുട്ടിയുടെ വീട്. ഋതികാ, നീ കഥ മുഴുവൻ പഠിച്ചോ?" മിനിക്കുട്ടി ചോദിച്ചു. "പിന്നല്ലാതെ! നിന്റെ പാട്ടിന്റെ കാര്യമോ"? "ഋതിക ചോദിച്ചു. "ഞാനും പഠിച്ചു". മിനിക്കുട്ടി പറഞ്ഞു. "നമുക്കൊന്ന് പ്രാക്ടീസ് ചെയ്താലോ"? അവർ നെല്ലിമരച്ചോട്ടിലേക്ക് നടന്നു. "അതാ, എന്റെ അച്ഛൻ വരുന്നു. മുത്തശ്ശിയുമുണ്ട്". ഋതിക തുള്ളിച്ചാടി. അവൾ മിനിക്കുട്ടിയുടെ കൈയും പിടിച്ച് മുത്തശ്ശിക്കടുത്തേക്കോടി. അവൾ മുത്തശ്ശിയെ കെട്ടിപ്പിടിച്ചു. എന്നിട്ട് ചോദിച്ചു. "മുത്തശ്ശി, ഇതാരാണെന്ന് മനസ്സിലായോ"? മുത്തശ്ശി പറഞ്ഞു. "ഇല്ല" പിന്നീട് അവരെന്തൊക്കെ പറഞ്ഞു കാണും. വർക്ക് ഷീറ്റ് 7 അവതരിപ്പിക്കുന്നു.

**വിലയിരുത്തൽ സൂചകങ്ങൾ**

- ആശയതുടർച്ച പാലിച്ച് സന്ദർഭത്തിനനുയോജ്യമായി 3 വിനിമയങ്ങൾ എഴുതി സംഭാഷണം പൂർത്തിയാക്കിയാൽ — 5/4/3/2/1 പോയിന്റ്

**പ്രവർത്തനം 8 – നന്നായി വളരാൻ**

പഠനലക്ഷ്യം : ആരോഗ്യകരമായ ആഹാരശീലങ്ങൾ തിരിച്ചറിയുന്നു

**ആഖ്യാനം :**

ഐസ്, ഐസ്, ഐസ്ക്രീം... മണിയടിച്ചു കൊണ്ട് ഐസ് വില്പനക്കാരൻ സ്കൂളിനടുത്തെത്തി. ഐസ് വില്പനക്കാരനെ കണ്ടതും ചില കുട്ടികൾ അയാൾക്കടുത്തേക്കോടി. മുത്തശ്ശി ശ്രുതികയുടെ അച്ഛനോടു പറഞ്ഞു. "കുട്ടികൾക്കും വാങ്ങിക്കൊടുക്ക്". "അയ്യോ ഞങ്ങൾക്കു വേണ്ട മുത്തശ്ശീ" ശ്രുതികയും മിനിക്കുട്ടിയും ഒന്നിച്ചു പറഞ്ഞു. "ങേ..? ഐസ്ക്രീം വേണ്ടാത്ത കുട്ടികളോ!" മുത്തശ്ശി അത്ഭുതപ്പെട്ടു. മുത്തശ്ശി അത്ഭുതപ്പെടാൻ കാരണമെന്തായിരിക്കും? കുട്ടികൾ ഐസ്ക്രീം വേണ്ട എന്ന് പറഞ്ഞത് എന്തുകൊണ്ടായിരിക്കും? (സ്വതന്ത്രപ്രതികരണത്തിന് അവസരം)

നല്ല ആരോഗ്യത്തിന് നാം എന്തെല്ലാം ആഹാരം കഴിക്കണമെന്ന് കണ്ടെത്താമോ? വർക്ക് ഷീറ്റ് 8 അവതരിപ്പിക്കുന്നു.

**വിലയിരുത്തൽ സൂചകങ്ങൾ**

- ശരിയായ ആരോഗ്യത്തിന് അനുയോജ്യമായ ഭക്ഷണപദാർഥങ്ങൾ അടയാളപ്പെടുത്തിയാൽ — 4/3/2/1 പോയിന്റ്
- കൂട്ടത്തിൽപ്പെടാത്തത് തിരിച്ചറിഞ്ഞാൽ — 1 പോയിന്റ്

**പ്രവർത്തനം 9 – കഥയെഴുതാം**

*പഠനലക്ഷ്യം : ചിത്ര സൂചനകളിൽ നിന്ന് കഥ വികസിപ്പിച്ചെഴുതുന്നു.*
*വികസിപ്പിച്ച കഥകൾക്ക് ഉചിതമായ തലക്കെട്ട് നൽകുന്നു*

**ആഖ്യാനം :**

"കഥ പറയൽ മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികൾ ഹിമ ടീച്ചറുടെ അടുത്തെത്തണം". മൈക്കിലൂടെ അനൗൺസ്മെന്റ് കേട്ടു, കുട്ടികളെല്ലാം ഹിമ ടീച്ചറുടെ അടുത്തെത്തി. "നിങ്ങൾക്കെല്ലാവർക്കും ഞാനോരോ ചിത്രങ്ങൾ തരാം. ചിത്രത്തിൽ നിന്ന് ഓരോ കഥകൾ ഉണ്ടാക്കിപ്പറയണം. കുഞ്ഞുകഥകൾ മതി". കുട്ടികൾക്ക് സന്തോഷമായി. ശ്രുതികക്ക് കിട്ടിയ ചിത്രം നോക്കൂ. അവൾ പറഞ്ഞ കഥ എന്തായിരിക്കും. വർക്ക് ഷീറ്റ് 9 അവതരിപ്പിക്കുന്നു.

*ടീച്ചറോട് : കഥ എഴുതാൻ സഹായകമായ ചോദ്യങ്ങൾ ചോദിക്കാം.*

*മാതൃക :*

*കുട്ടി വരച്ച ചിത്രത്തിന്റെ പ്രത്യേകത എന്താണ്?*
*പെൻസിലിന്റെ ഭാവം എന്താണ്?*
*വരച്ചു കഴിഞ്ഞ് കുട്ടി എന്തുചെയ്തു കാണും?*
*പെൻസിൽ എന്തുചെയ്തു കാണും?*
*നിങ്ങൾക്ക് ചിറക് കിട്ടിയാൽ നിങ്ങൾ എന്തുചെയ്യും?*
*പെൻസിൽ പറന്നിട്ടുണ്ടാകുമോ?*

**വിലയിരുത്തൽ സൂചകങ്ങൾ**

- ആശയതുടർച്ചയോടെ കഥ പൂർത്തിയാക്കിയാൽ — 3 പോയിന്റ്
- അക്ഷരത്തെറ്റില്ലാതെ വാക്യഘടന പാലിച്ചെഴുതിയാൽ — 1 പോയിന്റ്
- ഉചിതമായ തലക്കെട്ട് നൽകിയാൽ — 1 പോയിന്റ്